(ബി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിനായി കേന്ദ്ര ഐ. ടി. വകുപ്പ് എന്തൊക്കെ സാമ്പത്തിക സാങ്കേതിക സഹായങ്ങളാണ് ഇതുവരെ ലഭ്യമാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത കേന്ദ്രം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ കേന്ദ്ര ഏജൻസികളുടെ സഹായം നേടുന്നതിനും ഈ വർഷം എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

60 (1803) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിതവേഗത, മദ്യപിച്ചുള്ള വാഹനമോടിക്കൽ എന്നിവമൂലമുണ്ടാകുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ഇതു രണ്ടും പരിശോധിക്കുന്നതിന് പോലീസിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എന്തു തുകയ്ക്കുള്ള ഉപകരണങ്ങളാണ് വാങ്ങിയത് ;

(സി) പ്രസ്തുത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാണോ ; അവ ഉപയോഗിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഉപയോഗിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ :

(ഡി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഓരോ വർഷവും അമിതവേഗത, മദ്യപാനം, ഡ്രൈവിംഗിനിടെ ഉറങ്ങിപ്പോവുക എന്നിവമൂലം ഉണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും, എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്നുമുള്ള വിവരം നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കാസർഗോഡ് പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

61 (1805) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷന്റെ മുന്നിലുണ്ടായിരുന്ന ജീർണ്ണിച്ച പോലീസ് ക്വാർട്ടേഴ്സ് കെട്ടിടം എന്നാണ് പൊളിച്ചുമാറ്റിയത് എന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly